# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3463. 11-12-2018 ൽ മറുപടിയ്ക്ക്

## അരി ഉല്പാദനത്തിലെ വർധന

**ചോദ്യം**

ശ്രീ.ആർ. രാമചന്ദ്രൻ
,, ജി.എസ്.ജയലാൽ
ശ്രീമതി ഗീതാ ഗോപി
ശ്രീ.വി.ആർ. സുനിൽ കുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അരി ഉല്പാദനം കുറഞ്ഞുവരുന്ന പ്രവണതയിൽനിന്ന് വ്യത്യസ്തമായി, ഈ വർഷം അരി ഉല്പാദനം കൂടിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെൽകൃഷിയുടെ വിസ്തൃതിയിലും ഉൽപ്പാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷത്തെ നെൽകൃഷി വിസ്തൃതിയും ഉല്പാദനവും ചുവടെ പറയും പ്രകാരമാണ്. |

| വർഷം | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം (ടൺ) |
|---|---|---|
| 2012-13 | 197277 | 508299 |
| 2013-14 | 199611 | 564325 |
| 2014-15 | 198159 | 562092 |
| 2015-16 | 196870 | 549275 |
| 2016-17 | 171398 | 436483 |
| 2017-18 | 220449 | 617260 |

2016-17 ൽ വിസ്തൃതിയിൽ കാണുന്ന ഗണ്യമായ കുറവ് രണ്ടാം വിള കാലത്തും തുടർന്നും ഉണ്ടായ രൂക്ഷമായ വരൾച്ച മൂലമായിരുന്നു. വരൾച്ച മൂലം 36891.22 ഹെക്ടർ നെൽകൃഷിയും 36.4 ഹെക്ടർ സ്ഥലത്ത് ഞാറ്റടിയും ഉണങ്ങിപ്പോയിരുന്നു. രൂക്ഷമായ വരൾച്ച കാരണം പാലക്കാട് ജില്ലയിൽ രണ്ടാം വിള കാലത്ത് ജില്ലാ വിള നിർണ്ണയ സമിതി സ്ഥിതി ഗതികൾ അവലോകനം ചെയ്യുകയും കർഷകരെ ബോധവൽകരിക്കുകയും ചെയ്തതിൻപ്രകാരം 13990 ഹെക്ടർ

| | | | |
|---|---|---|---|
| | | | സ്ഥലത്ത് കൃഷി ഇറക്കിയില്ല. ഇപ്രകാരം 50917.62 ഹെക്ടർ സ്ഥലത്തെ കൃഷിയിലുണ്ടായ കുറവ് കാരണമാണ് വിസ്തൃതിയിലും ഉല്പാദനത്തിലും കുറവ് വന്നത്.<br>2017-18 സാമ്പത്തിക വർഷം 220449.375 ഹെക്ടർ നെൽ കൃഷിയും 617260 ടൺ അരി ഉല്പാദനവും ഉണ്ടായതായാണ് കൃഷി വകുപ്പിന്റെ കണക്ക്. 2018-19 വർഷത്തിൽ 224000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുവാനാണ് കൃഷി വകുപ്പ് ലക്ഷ്യമിട്ടുന്നത്. ഇതിൽ നിന്നു 650000 ടൺ അരിയാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | അരി ഉല്പാദനം വർദ്ധിച്ചതിന് സഹായകരമായ മാറ്റങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | വിസ്തൃതിയിലുണ്ടായ വർദ്ധനവാണ് ഉല്പാദന വർദ്ധനവായി പ്രതിഫലിച്ചത്. നെൽകൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം സർക്കാർ സമഗ്ര നെൽ കൃഷി വികസന പദ്ധതിയ്ക്കായി 87.65 കോടി രൂപ വകയിരുത്തി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. വയനാട് പാക്കേജിലെ ഒരു ഘടകമായി ജില്ലയിലെ സുഗന്ധ നെല്ലിനങ്ങളുടെ വികസനത്തിനുള്ള പദ്ധതി വയനാട്ടിലും, പ്രത്യേക കാർഷിക മേഖലകൾക്ക് ഊന്നൽ നൽകി കൊണ്ട് പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |
| (സി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം നെൽകൃഷി വ്യാപിപ്പിച്ചതിന്റെ ഫലങ്ങൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | വിസ്തൃതിയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ആയതിനു ആനുപാതികമായി ഉല്പാദനത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്.<br>2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്തിരുന്നത്. ആയത് 2017-18 സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 220449.375 ഹെക്ടർ ആക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 23579 ഹെക്ടർ സ്ഥലത്ത് പുതിയതായി നെൽകൃഷി ചെയ്യുന്നതിന് സാധിച്ചിട്ടുണ്ട്.<br>ഓരോ പദ്ധതി ഘടകത്തിലും ശ്രദ്ധ ചെലുത്തിയതിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും ഇടപെടലും ഉറപ്പാക്കിയതിന്റെയും, ജനകീയ കൂട്ടായ്മ വളർത്തിയെടുക്കാൻ സാധിച്ചതിന്റെയും ഫലമാണ നെൽകൃഷി മേഖലയിലുണ്ടായ നേട്ടം. |
| (ഡി) | അരി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യംവച്ച് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | നടപ്പ സാമ്പത്തിക വർഷം 224000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.<br>മുൻ വർഷത്തെ തരിശുനിലകൃഷി നിലനിറുത്തുന്നതിനൊപ്പം 2878 ഹെക്ടർ സ്ഥലത്ത് അധികമായി തരിശുനിലകൃഷി ചെയ്യാൻ സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസനപദ്ധതി പ്രകാരം വിഭാവന ചെയ്യുന്നു. എന്നാൽ, 4000 ഹെക്ടറിൽ കൂടുതൽ തരിശുനിലം കൃഷി ചെയ്യുമെന്നാണ പ്രാഥമിക കണക്കുകൾ സൂചിപ്പിക്കുന്നത്.<br>2683. 82 ഹെക്ടർ കരനെല്ല് കൃഷി ചെയ്യിക്കുകയും 1600 ഹെക്ടർ സ്ഥലത്തെ ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുകയും ചെയ്യാൻ പദ്ധതി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**